# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

പബ്ലിക് ഓഫീസ് കോമ്പൗണ്ട്, റവന്യൂ കോംപ്ലക്സ്, തിരുവനന്തപുരം

**(ഹാജർ : എൻ.പത്മകുമാർ, ഐ.എ.എസ്.)**

തിയതി: 28.07.2017.

എൽ.ആർ.ഇ4-34600/17

വിഷയം: **ജീവനക്കാര്യം - സീനിയർ ക്ലാർക്ക് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നത്.**

പരാമർശം:
1. ശ്രീ.അനിൽകുമാർ.സി.എസ്.ന്റെ 17.06.17-ലെ അപേക്ഷ.
2. കാസർഗോഡ് ജില്ലാ കളക്ടറുടെ 01.07.17-ലെ എൽ.ഡിസ്.28794/17/എ2 നമ്പർ കത്ത്.
3. ഈ കാര്യാലയത്തിലെ 24.12.2016-ലെ എൽ.ആർ. ഇ4-5000/16-ാം നമ്പർ നടപടിക്രമം.

കാസർഗോഡ് ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിലെ സീനിയർ ക്ലാർക്ക് ശ്രീ.അനിൽകുമാർ.സി.എസ്. പാലക്കാട് ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിക്കുന്നതിനായി കാസർഗോഡ് ജില്ലാ കളക്ടർക്ക് സമർപ്പിച്ച അപേക്ഷ പരാമർശം ഒന്ന് പ്രകാരം ഈ കാര്യാലയത്തിലേയ്ക്ക് അയച്ചു തന്നിട്ടുണ്ട്.

ശ്രീ.അനിൽകുമാർ.സി.എസ്. തൃശ്ശൂർ ജില്ലയിൽ എൽ.ഡി.ക്ലാർക്കായി സേവനമനുഷ്ഠിച്ച് വരവെ ഈ കാര്യാലയത്തിലെ പരാമർശം മൂന്ന് പ്രകാരമുള്ള നടപടിക്രമം അനുസരിച്ച് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ച് കാസർഗോഡ് ജില്ലയിൽ നിയമിക്കപ്പെട്ടിട്ടുള്ളതാണ്. ടിയാന്റെ പിതാവിന് ഹൃദയ സംബന്ധമായ രോഗത്തിന് ഏറെ നാളായി ചികിത്സയിലാണെന്നും സഹായത്തിന് ടിയാനല്ലാതെ മറ്റാരുമില്ലെന്നും ഹൈപ്പർ ടെൻഷൻ ചികിത്സയിലിരിക്കുന്ന ടിയാന് യാത്രാ സൗകര്യം പരിഗണിച്ച് പാലക്കാട് ജില്ലയിൽ നിയമനം നൽകണമെന്ന് പരാമർശ പ്രകാരം അപേക്ഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ നിലവിലുള്ള സീനിയർ ക്ലാർക്കിന്റെ ഒഴിവിലേയ്ക്ക് ടിയാനെ മാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

കാസർഗോഡ് ജില്ലാ കളക്ടർ ടിയാനെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും പാലക്കാട് ജില്ലാ കളക്ടർ ടിയാന് അനുയോജ്യമായ നിയമനം നൽകി വിവരം അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)

**ജോയിന്റ് കമ്മീഷണർ.**

കക്ഷിയ്ക്ക്.

പകർപ്പ്:
1. ജില്ലാ കളക്ടർ, കാസർഗോഡ്, പാലക്കാട്.
2. കമ്മീഷണർ, ജോയിന്റ് കമ്മീഷണറുടെ സി.എ. മാർക്ക്.
3. അസിസ്റ്റന്റ് കമ്മീഷണർ, ആർ.ഇ./എസ്.സി.
4. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്.

T3